**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1275** **07-12-2022 - ൽ മറുപടിയ്ക്ക്**

**മൃഗശാലയിലെ ക്യൂറേറ്റർ ഗ്രേഡ് II തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മൃഗശാലയിലെ ക്യൂറേറ്റർ ഗ്രേഡ് II തസ്തികയിലെ നിയമന രീതി വ്യക്തമാക്കാമോ; | (എ) | 1. മ്യൂസിയം മൃഗശാലാ സബോർഡിനേറ്റ് സർവ്വീസിലെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - I, കെയർടേക്കർ ക്ലർക്ക്, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - II, ആർട്ടിസ്റ്റ് മോഡലർ, ടാക്സിഡെർമിസ്റ്റ്, ഗൈഡ് ലക്ചറർ, ഗൈഡ്, ഗാർഡൻ സൂപ്പർവൈസർ, ലബോറട്ടറി അസിസ്റ്റന്റ് എന്നീ കാറ്റഗറികളിലെ യോഗ്യരായ ജീവനക്കാരിൽ നിന്നും പ്രൊമോഷൻ മുഖേനയുള്ള നിയമനം.<br><br>2.ഒന്നാമത്തെ നിയമന രീതി പ്രകാരം യോഗ്യരായ ജീവനക്കാരുടെ അഭാവത്തിൽ വകുപ്പിലെ മറ്റ് സർവ്വീസിലെ യോഗ്യരായ ജീവനക്കാരിൽ നിന്നും തസ്തികമാറ്റം മുഖേനയുള്ള നിയമനം.<br><br>3. ഒന്നും രണ്ടും നിയമനരീതി പ്രകാരം യോഗ്യരായ ജീവനക്കാരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം |
| (ബി) | ക്യൂറേറ്റർ തസ്തിക എത്രയെണ്ണമാണ് മ്യൂസിയം ആന്റ് മൃഗശാല വകുപ്പിൽ നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (ബി) | മ്യൂസിയം മൃഗശാലാവകുപ്പിൽ ക്യൂറേറ്റർ ഗ്രേഡ് - I ന്റെ 3 തസ്തികകളും ക്യൂറേറ്റർ ഗ്രേഡ് - II ന്റെ 4 തസ്തികകളും ഉൾപ്പെടെ ആകെ 7 ക്യൂറേറ്റർ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ വയനാട് കുങ്കിച്ചിറ ഹെറിറ്റേജ് മ്യൂസിയത്തിലെ ക്യൂറേറ്റർ ഗ്രേഡ്- II തസ്തികയിൽ മ്യൂസിയം പ്രവർത്തന സജ്ജമാകാത്തതിനാൽ നാളിതുവരെ നിയമനം നടത്തിയിട്ടില്ല. |
| (സി) | ക്യൂറേറ്റർ ഗ്രേഡ് II തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | ക്യൂറേറ്റർ ഗ്രേഡ് II തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് വിവിധ പരാതികൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത തസ്തികയിലെ നിയമനങ്ങളിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കണമെന്നതാണ് പരാതികളിലെ പ്രധാന ആവശ്യം. ആയത് വിശദമായി പരിശോധിച്ച് വരുന്നു. |
| (ഡി) | എങ്കിൽ പരാതി എന്താണെന്ന് വിശദമാക്കാമോ? | (ഡി) | ക്യൂറേറ്റർ ഗ്രേഡ് II തസ്തികയിലെ നിയമനവുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് വിവിധ പരാതികൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത തസ്തികയിലെ നിയമനങ്ങളിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കണമെന്നതാണ് പരാതികളിലെ പ്രധാന ആവശ്യം. ആയത് വിശദമായി പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ